ഗൃഹീതർ ആണ് ഉള്ളത്. ഇവരിൽ ജന്മിപ്രഭുക്കളും, സംശയിക്കേണ്ട ധനാഗമമാർഗങ്ങളുള്ള പുത്തൻ പണക്കാരും അടങ്ങുന്നു. പട്ടാളത്തിൽനിന്നും ഗവൺമെൻറിൽനിന്നും ഈയിടെ റിട്ടയർചെയ്ത ഉദ്യോഗസ്ഥന്മാരും ഈ വിഭാഗത്തിൽപ്പെടുന്നു. മറ്റേ പാകിസ്ഥാനിലുള്ളത് അറിയാവുന്ന, പരിമിതമായ വരുമാനം മാത്രമുള്ള സാധാരണക്കാരും നിയമാനുസൃത ധനാഗമമാർഗങ്ങൾ മാത്രമുള്ള പഴയ ചില പ്രമാണിമാരുമത്രെ പ്രത്യേകാവകാശങ്ങൾ ഇല്ലാത്തവരോ കുറച്ചുമാത്രം ഉള്ളവരോ ആയ ഇവർ മറ്റൊരു ലോകംതന്നെയാണ്. ഇവർ പ്രായേണ ഗവണ്മെന്റിന്റെ എതിർ പാർട്ടികളെ പിന്താങ്ങുന്നു. പട്ടാളബലവും പണവും ഉപയോഗിച്ച് എതിരാളികളെ അമർച്ചചെയ്യുന്ന പുതിയ രാഷ്ട്രതന്ത്രത്തിനു മുമ്പിൽ ഇവർ ഭയന്നുവിറച്ചു നിലകൊള്ളുകയാണ്. ഇതാണ് പാകിസ്ഥാനിലെ അടിസ്ഥാനപരമായ വിഭജനം. എന്നത്തേയുംപോലെ അഗാധവും ആപൽകരവുമത്രെ ഈ വിടവ്.'

ചരിത്രത്തിന്റെ ഒരു നാൽക്കൂട്ടപ്പെരുവഴിയിലാണ് ഇപ്പോൾ പാകിസ്ഥാൻ ആ രാജ്യത്ത് മേലിലും പട്ടാളത്തിന്റെ അധികാരം തുടരുമോ? അമേരിക്ക നൽകിയ വിപുലമായ ആയുധശേഖരം അവർ എങ്ങനെ ഉപയോഗപ്പെടുത്തും? സ്വയം നേടിയ അണു–ആയുധ നിർമാണകരുത്ത് ഏതു വഴിക്ക് അവർ തിരിച്ചുവിടും? ജനാധിപത്യം വീണ്ടും പാകിസ്ഥാനിൽ സ്ഥാപിക്കപ്പെടുമോ? സ്ഥാപിക്കപ്പെട്ടാൽ അധികാരം നിലനിർത്താൻവേണ്ടി അവിടത്തെ ജനനേതാക്കൾ സ്വന്തം ജനങ്ങളെ മതത്തിന്റെ പേരിൽ ഇന്ത്യയ്ക്കെതിരെ അണിനിരത്തുന്ന പഴയ അടവ് കൈവിടുമോ? (ഇപ്പോൾത്തന്നെ ബേനസീർ ഭൂട്ടോ സിയാക്കെതിരെ നടത്തുന്ന ആരോപണങ്ങളിലൊന്ന് സിയാച്ചെൻ ഹിമാനീപ്രദേശം ഇന്ത്യയ്ക്ക് സിയാ വിട്ടുകൊടുത്തുവെന്നാണ്.) കാശ്മീർ പ്രശ്നത്തിൽ ഇന്ത്യയുമായി ഒരു ഒത്തുതീർപ്പുണ്ടാക്കി, ഈ വൻകരയിൽ ശാശ്വതമായ സമാധാനം സ്ഥാപിക്കുന്നതിനുള്ള വിവേകം പാകിസ്ഥാന്റെ പുതിയ നേതാക്കൾക്ക് കൈവരുമോ?

ഇന്ത്യയുടെ ചരിത്രം പാകിസ്ഥാനിലെ സംഭവവികാസങ്ങളുമായി ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ പാകിസ്ഥാനിൽ എന്തു നടക്കുന്നു എന്ന് നാം ഉറ്റുനോക്കേണ്ടതുണ്ട്.

(9 സെപ്തംബർ, 1988)

# 9. പാകിസ്ഥാനിലെ ക്രിമിനൽ നിയമങ്ങൾ

മുസ്ലിങ്ങൾ ഒരു പ്രത്യേക രാഷ്ട്രമാണെന്നും അതിനാൽ അവർക്കുമാത്രമായി ഇന്ത്യയിലെ മുസ്ലിം ഭൂരിപക്ഷപ്രദേശങ്ങൾ വേർതിരിച്ച് ഒരു പുതിയ രാഷ്ട്രം സൃഷ്ടിക്കണമെന്നും മുസ്ലിംലീഗ് വാദിച്ചതിന് ബ്രിട്ടീഷ് ഗവണ്മെൻറും കോൺഗ്രസ് നേതാക്കളും വഴങ്ങിക്കൊടുത്തതിന്റെ ഫലമായിട്ടാണ് ഇന്ത്യ വിഭജിക്കപ്പെട്ടതും, 'പാകിസ്ഥാൻ' എന്ന പുതിയ രാഷ്ട്രം പിറവിയെടുത്തതും. പക്ഷേ, പാകിസ്ഥാന്റെ രാഷ്ട്രപിതാവായി വാഴ്ത്തപ്പെടുന്ന മുഹമ്മദലിജിന്ന ആഗ്രഹിച്ചത് പാകിസ്ഥാൻ ഒരു 'ഇസ്ലാമികരാഷ്ട്രം' ആകണമെന്നല്ല മറിച്ച് ഒരു ആധുനിക–മത നിരപേക്ഷ–രാഷ്ട്രം ആകണമെന്നായിരുന്നു. അതായത്, പാകിസ്ഥാനിലെ ക്രിമിനൽ–സിവിൽ നിയമങ്ങൾ ആധുനികകാലത്തെ പാശ്ചാത്യ രാഷ്ട്രങ്ങളിലെ (ഇന്ത്യയിലെയും) നിയമസംഹിതയോട് ഏറെക്കുറെ ഒത്തുപോകുന്നതാണ് അഭിലഷണീയമെന്ന് ജിന്ന കരുതുകയും അങ്ങനെ പറയുകയുംചെയ്തിരുന്നു.

ജിന്നയുടെ മരണത്തിനുശേഷം പാകിസ്ഥാൻ പല പട്ടാളസ്വേച്ഛാധിപ

തികളുടെയും നിയന്ത്രണത്തിനു വിധേയമായി. ഈ സ്വേച്ഛാധിപതികളാകട്ടെ ബഹുജനങ്ങളുടെമേൽ തങ്ങൾക്കുള്ള പിടിമുറുക്കുന്നതിനായി യാഥാസ്ഥിതിക മതമേധാവികളെ കൂട്ടുപിടിക്കുകയുംചെയ്തു. പത്തു വർഷമായി സൈനികഭരണാധികാരിയായി പാകിസ്ഥാൻ ഭരിക്കുന്ന സിയാ ഉൽ ഹക്, പാകിസ്ഥാൻ ഒരു ഇസ്ലാമിക രാഷ്ട്രമായിരിക്കുമെന്നു് പ്രഖ്യാപിച്ചു. 1986-ലെ ഭരണഘടന (ഒമ്പതാം ഭേദഗതി) നിയമം അനുസരിച്ചു്, പാകിസ്ഥാനിലെ സിവിൽ-ക്രിമിനൽ നിയമങ്ങളുടെ അടിസ്ഥാനം ഇസ്ലാം ആകുന്നു.

ഇസ്ലാമിക നിയമമനുസരിച്ചു് തെളിയിക്കപ്പെട്ട വ്യഭിചാരത്തിനു് സ്ത്രീയ്ക്കു് നൽകേണ്ട പരമമായ (ഹദ്) ശിക്ഷ കല്ലെറിഞ്ഞു കൊല്ലലാണു്. ശഹീദാ പർവീൺ എന്ന ഒരു ഇരുപത്തഞ്ചു വയസ്സുകാരി ഇപ്പോൾ ഈ ശിക്ഷയും പ്രതീക്ഷിച്ചു് കറാച്ചി സെൻട്രൽ ജയിലിൽ നാളുകൾ നീക്കുന്നുണ്ടു്. ശഹീദാ പർവീണിന്റെ ചരിത്രം മനുഷ്യത്വം അല്പമെങ്കിലുമുള്ള ആരും മനസ്സിലാക്കിയിരിക്കേണ്ടതാണു്.

ഈ യുവതിയുടെ ഭർത്താവു് എന്തോ കാരണത്താൽ അവളോടു് കോപിച്ചു; മൂന്നു പ്രാവശ്യം 'തലാക്' പറയുകയുംചെയ്തു. ഇസ്ലാമിക നിയമപ്രകാരം ഇതു് പൂർണവും അന്തിമവുമായ വിവാഹമോചനമാണു്. ഇതിനെത്തുടർന്നു് ശഹീദ അവളുടെ ഭർത്താവിന്റെ വീടു വിട്ടുപോയി. കുറെക്കഴിഞ്ഞു് അവൾ മറ്റൊരാളെ നാട്ടുനടപ്പുപ്രകാരം വിവാഹംചെയ്തു. അപ്പോഴേക്കു് ശഹീദയുടെ മുൻഭർത്താവു് തന്റെ നിലപാടു മാറ്റി. ശഹീദയെ താൻ മൊഴിചൊല്ലിയിട്ടില്ലെന്നു് അയാൾ പറഞ്ഞു അതിനാൽ ശഹീദയുടെ രണ്ടാം വിവാഹം തനിയെ റദ്ദായി. മാത്രമല്ല, രണ്ടാം ഭർത്താവിനോടൊപ്പം അവൾ നയിച്ച നാളുകൾ വ്യഭിചാരവൃത്തിയായി കണക്കാക്കപ്പെട്ടു. രണ്ടാം ഭർത്താവിനോടു് ചേർന്നുള്ള അവളുടെ ദാമ്പത്യം നാട്ടാചാരപ്രകാരമായിരുന്നതിനാൽ, അതിനു സാക്ഷികൾ വേണ്ടത്ര ഉണ്ടായിരുന്നു. മുൻഭർത്താവു് ജില്ലാതലത്തിലുള്ള ശരിഅത്തു് കോടതിയെ സമീപിച്ചു് ശഹീദയെ ശിക്ഷിക്കണമെന്നാവശ്യപ്പെട്ടു. കോടതി അവളെ കല്ലെറിഞ്ഞു കൊല്ലാൻ വിധിക്കുകയുംചെയ്തു. ഈ ശിക്ഷ നിർബന്ധിതമാണെന്നും വ്യഭിചാരിണിയെ അതിൽനിന്നൊഴിവാക്കാൻ വയ്യെന്നുമായിരുന്നു കോടതിയിലെ ജഡ്ജിമാരായ മൊല്ലമാരുടെ നിലപാടു്. അതേസമയം അവളുടെ രണ്ടു ഭർത്താക്കന്മാരും ഒരു കുറ്റവും ചെയ്തിട്ടില്ല അതിനാൽ അവർക്കു് ശിക്ഷയുമില്ല! രണ്ടാമത്തെ ഭർത്താവു് ശഹീദയോടൊപ്പം പാർത്തതു നിയമപ്രകാരമുള്ള വിവാഹത്തിനു ശേഷമാകയാൽ അയാൾ കുറ്റക്കാരനല്ല. ആദ്യഭർത്താവു് കുറ്റക്കാരനല്ലെന്നു പറയേണ്ടതുമില്ല.

തന്റെമേൽ ജില്ലാ ശരിഅത്തു് കോടതിചുമത്തിയ ശിക്ഷയ്ക്കെതിരെ ശഹീദാപർവീൺ ഫെഡറൽ ശരിഅത്തു് കോടതിയിൽ അപ്പീൽ കൊടുത്തിട്ടുണ്ടു്. പാകിസ്ഥാനിലെ പല സാമൂഹ്യസംഘടനകളും അവൾക്കു പിന്തുണ പ്രഖ്യാപിച്ചിട്ടുമുണ്ടു്. ഈ പിന്തുണപ്രഖ്യാപനം ആ രാജ്യത്തെ യാഥാസ്ഥിതികരെ പ്രകോപിപ്പിച്ചിരിക്കുകയാണു്. അങ്ങനെ ഇസ്ലാമിക് ക്രിമിനൽ നിയമത്തിനു് ആധുനികലോകത്തിലുള്ള പ്രസക്തിയുടെ ഉരകല്ലായി മാറിയിരിക്കുന്നു ശഹീദാപർവീൺ കേസു്. പാകിസ്ഥാനിലെ രണ്ടു രാഷ്ട്രീയപ്പാർട്ടികളും ഈ വാദപ്രതിവാദത്തിൽ പങ്കെടുക്കാതെ മാറിനില്ക്കുകയാണു്.

ഇസ്ലാമിക നിയമപ്രകാരം മോഷണത്തിനുള്ള ശിക്ഷ മോഷ്ടാവിന്റെ കൈ മുറിച്ചുകളയുകയാണു്. പാകിസ്ഥാനിലെ ചില കോടതികൾ അഞ്ചോ ആറോ കേസ്സുകളിൽ ഈ ശിക്ഷ ഇതിനകം വിധിക്കുകയുണ്ടായി. പക്ഷേ, ഈ ശിക്ഷ പാകിസ്ഥാനിൽ ഇന്നോളം നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ല. കൈ മുറിക്കണമെന്നല്ലാതെ എവിടെവെച്ചു് എത്ര നീളം കൈ മുറിച്ചുകളയണമെന്നു് ഖുറാനിലോ ഹദീസിലോ പറഞ്ഞിട്ടില്ല. ചില മൗലവിമാർ പറയുന്നതു് കൈ തോളിൽവച്ചു് മുറിക്കണമെന്നാണു്; മറ്റു ചിലർ കൈയിന്റെ ഒരറ്റം മുറിച്ചാൽ തൃപ്തരാകും. പ്രാർത്ഥിക്കാനുള്ള മനുഷ്യന്റെ അവകാശം ഒരു ജഡ്ജി

യും എടുത്തുകളഞ്ഞുകൂടെന്നും പ്രാർത്ഥിക്കാൻ ആവശ്യമുള്ളത്ര നീളം നിർത്തി കൈയിന്റെ ബാക്കിഭാഗമേ മുറിക്കാവൂ എന്നുമാണ് ഒരു വിഭാഗം മൗലവിമാർ വാദിക്കുന്നത്. ഇതിനുപുറമേ കൈ ആരു മുറിക്കണം എന്ന പ്രശ്നവുമുണ്ട്. തങ്ങൾ ഈ കൃത്യം ചെയ്യുകയില്ലെന്ന് അഖില പാകിസ്ഥാൻ മെഡിക്കൽ അസോസിയേഷനിലെ അംഗങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നു.

ഇസ്ലാമിക് ക്രിമിനൽ നിയമം നടപ്പിൽ വരുത്തുന്നതു സംബന്ധിച്ച് വേറെയും പല പ്രശ്നങ്ങളും പാകിസ്ഥാനിൽ ഉയർന്നുവന്നിട്ടുണ്ട്. ഭ്രാന്തത്തിയായ ഒരു സ്ത്രീ ഭർത്താവില്ലാതെ ഗർഭമുണ്ടായി. അവൾ വ്യഭിചാരിണിയാണെന്നു വ്യക്തം. പക്ഷേ, തനിക്ക് എങ്ങനെ ഗർഭമുണ്ടായെന്ന് അവൾക്കറിഞ്ഞുകൂടാ. അവളെ ശിക്ഷിക്കാമോ? ശിക്ഷിക്കണോ? പല തെമ്മാടികൾ ചേർന്ന് ബലാത്സംഗംചെയ്തതിനാൽ ഗർഭിണിയായിത്തീർന്ന മറ്റൊരു സ്ത്രീയും, വ്യഭിചാരം തെളിഞ്ഞിട്ടുണ്ടെങ്കിലും ശിക്ഷാർഹയാണോ? ഇത്തരം കേസ്സുകൾ എല്ലാവരുടെയും മനസ്സാക്ഷികളെ നടുക്കിയിരിക്കുകയാണ്. 'പക്ഷേ, യാഥാസ്ഥിതികരായ ഉലേമമാർക്ക മാത്രം യാതൊരു കുലുക്കവുമില്ല. കുറ്റം തെളിഞ്ഞാൽ 'ഹദ്'' (അന്തിമമായ ശിക്ഷ) നൽകുകതന്നെവേണമെന്നാണ് അവരുടെ നിലപാട്'' എന്ന്, ഈ പ്രശ്നത്തെപ്പറ്റി ഫെബ്രുവരി 12–ാം തീയതിയിലെ 'ഇന്ത്യൻ എക്സ്പ്രസ്സ്'' പത്രത്തിലെഴുതിയ കറാച്ചിയിലെ എം. ബി. നക്വി പ്രസ്താവിക്കുന്നു.

പാശ്ചാത്യരീതിയിൽ വിദ്യാഭ്യാസം നേടിയ പാകിസ്ഥാനിലെ പൗരന്മാർക്കിടയിൽ അഗാധമായ അസ്വാസ്ഥ്യത്തിന് കാരണമായിട്ടുണ്ട് ഇത്തരം പ്രശ്നങ്ങൾ. മറ്റേതു സമൂഹവുംപോലെ ആധുനികമുസ്ലിം സമൂഹവും 'ബഹുആത്മകം' (പ്ലൂരലിസ്റ്റിക്) ആണ്. ഏകരൂപവും ക്രൂരവുമായ ഒരു ഗോത്രനിയമം ആ സമൂഹത്തിന്റെമേൽ നിർബ്ബന്ധിച്ചു ചുമത്തുന്നത് കാമ്യമോ സാദ്ധ്യമോ ആയിരിക്കുകയില്ല എന്നാണ് അഭ്യസ്തവിദ്യരായ പാകിസ്ഥാനി–മുസ്ലിങ്ങളിൽ അധികം പേരും കരുതുന്നത്. പക്ഷേ, നിർദയമായ ഒരു പട്ടാള–സ്വേച്ഛാഭരണത്തിനു കീഴിൽ സ്വന്തം അഭിപ്രായം തുറന്നുപറയാൻ അവർ ഭയപ്പെടുന്നു. കാരണം, ഒരു മനുഷ്യൻ മറ്റു മനുഷ്യരോടും ദൈവത്തോടുമുള്ള തന്റെ കടപ്പാട് എങ്ങനെ നിറവേറ്റുന്നു എന്ന് പട്ടാളഭരണത്തിനു കീഴിൽ തീരുമാനിക്കുന്നത് പോലീസ് കോൺസ്റ്റബിൾ ആണ്. കുറ്റക്കാരനെ വിചാരണചെയ്ത ശിക്ഷ വിധിക്കുന്നതാകട്ടെ ഖുറാൻ മാത്രം പഠിച്ച മൊല്ലാക്കമാരും!

(12 ഫെബ്രുവരി 1987)

# 10. ബേനസീറിന്റെ പാകിസ്ഥാൻ

1988 ഡിസംബർ 2–ാം തീയതി പാകിസ്ഥാന്റെ തലസ്ഥാനമായ ഇസ്ലാമാബാദിൽവെച്ച് മിസ്സിസ് ബേനസീർ ഭൂട്ടോ എന്ന മുപ്പത്തഞ്ചുകാരി ആ രാഷ്ട്രത്തിന്റെ പതിനൊന്നാമത്തെ പ്രധാനമന്ത്രിയായി ശപഥംചെയ്ത് അധികാരമേറ്റു. നാല്പത്തൊന്നു വർഷം നീണ്ട പാകിസ്ഥാന്റെ ചരിത്രത്തിൽ സമാധാനമായി നടക്കുന്ന ആദ്യത്തെ അധികാരക്കൈമാറ്റം ആയിരുന്നു ഇത്. '1988–ൽ ദക്ഷിണേഷ്യയിലെ ഏറ്റവും പ്രധാനപ്പെട്ട സംഭവ'മെന്ന് ബേനസീറിന്റെ ഈ സ്ഥാനാരോഹണം വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്.

1988 നവംബർ 16–ാം തീയതിയാണ് പാകിസ്ഥാനിലെ നാഷണൽ അസംബ്ലി (പാർലമെന്റ്)യിലേക്കുള്ള തെരഞ്ഞെടുപ്പു നടന്നത്; സിന്ധ്, പഞ്ചാബ്, വടക്കുപടിഞ്ഞാറൻ അതിർത്തിസംസ്ഥാനം ബലൂചിസ്ഥാൻ